2. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ 31-10-2014 വരെ 8045 ഗുണഭോക്താക്കൾക്ക് വീട് പണിപൂർത്തീകരിച്ചിട്ടുണ്ട്.

3. പാട്ടകൃഷി നടത്തുന്നതിനാവശ്യമായ ഭൂമിയുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ജില്ലാതലത്തിൽ ശേഖരിച്ചുവരുന്നു.

4. മറ്റു പദ്ധതികൾ സംബന്ധിച്ച് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ചർച്ചകൾ നടന്നുവരുന്നു.

വയോജന നയം

293 (3580) ശ്രീ. രാജു എബ്രഹാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോജന നയം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്തെ വയോജനങ്ങളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന്റെ കയ്യിൽ കണക്കുണ്ടോ ; കഴിഞ്ഞ 5 വർഷങ്ങളിലെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് വയോജനങ്ങൾക്കായി സർക്കാർ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ;

(ഡി) ഇവരുടെ ആരോഗ്യത്തിനും മാനസികോല്ലാസത്തിനും മു�ൻതൂക്കം നൽകുന്ന രീതിയിലുള്ള കൂടുതൽ കേന്ദ്രങ്ങൾ, താലൂക്കുകളോ പഞ്ചായത്തുകളോ കേന്ദ്രീകരിച്ച് ആരംഭിക്കാൻ സർക്കാർ തയ്യാറാകുമോ ;വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഇതിനായി പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിശ്ചിത ശതമാനം തുക മാൻഡേറ്ററിയായി ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ; ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വയോജന നയം 2006 പരിഷ്കരിച്ച് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനായി കർമ്മപദ്ധതിയുടെ മാർഗ്ഗരേഖയായി മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം 2013 രൂപീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം, സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി അഭിമാനപൂർവ്വം സമൂഹത്തിലെ ഒരംഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കുന്നതിനും മുതിർന്നവരുടെ ക്ഷേമത്തിനായി നടപ്പാക്കേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നയം ലക്ഷ്യമിടുന്നു.

(ബി) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ വയോജനങ്ങളുടെ എണ്ണം ആകെ ജനസംഖ്യയുടെ 12.83 ശതമാനമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. വയോജനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം സാമൂഹികനീതി വകുപ്പ് പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(സി) സർക്കാർ വൃദ്ധ സദനങ്ങളിലൂടെ നിർദ്ധനരും, അനാഥരും, സംരക്ഷിക്കാനാളില്ലാത്തവരുമായ വയോജനങ്ങൾക്ക് സൗജന്യമായി താമസം, ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നൽകുന്നുണ്ട്. സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് സാമൂഹികനീതി വകുപ്പ് ഓർഫനേജ് കൺട്രോൾ ബോർഡ് വഴി ഗ്രാന്റ് നൽകുന്നുണ്ട്. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും, സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ സൃഷ്ടിപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോട് കൂടി കേന്ദ്രസർക്കാർ ധന സഹായത്തോടെ വൃദ്ധജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നു. സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലും 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിൽ മൊബൈൽ ക്ലിനിക്, ഹെൽപ്പ് ഡെസ്ക്, ആംബുലൻസ് സൗകര്യം, തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പാലിയേറ്റീവ് സേവനം എന്നിവ നൽകി വരുന്നു.

(ഡി) മുതിർന്നവരുടെ ലഘുവ്യായാമത്തിനായി സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മിനിസിപ്പാലിറ്റികളിലും സ്ഥലസൗകര്യങ്ങളും മറ്റ് ആരോഗ്യ വർദ്ധക സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം വിഭാവനം ചെയ്യുന്നുണ്ട്. ആയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ഓരോ വർഷവും കുറഞ്ഞത് പദ്ധതിയുടെ 5% തുക വൃദ്ധർ, വികലാംഗർ, കുട്ടികൾ എന്നിവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly